# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1912 | 16.02.2016-ൽ മറുപടിയ്ക്ക്

**ശ്രീ.ടി.പി.ശ്രീനിവാസനെതിരെയുള്ള ആക്രമണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.അച്ചുതൻ<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.ഷാഫി പറമ്പിൽ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ആഗോള വിദ്യാഭ്യാസ സമ്മേളനത്തിന് എത്തിയ വിദ്യാഭ്യാസ കൗൺസിൽ ചെയർമാൻ ശ്രീ. ടി.പി.ശ്രീനിവാസനെ എസ്.എഫ്.ഐ നേതാക്കൾ മർദ്ദിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;<br><br>(ബി) പ്രസ്തുത സംഭവം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;<br><br>(സി) പ്രസ്തുത സംഭവത്തിൽ ആർക്കെല്ലാമെതിരെ നടപടികൾ എടുക്കുകയുണ്ടായി; | (എ), (ബി) & (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 29.01.2016 തീയതി രാവിലെ 08.45 മണിയ്ക്ക് കോവളം പാലസ് ജംഗ്ഷന് സമീപം വച്ച് ഗ്ലോബൽ എഡ്യൂക്കേഷൻ മീറ്റിംഗിനെതിരെ റോഡ് ഉപരോധം നടത്തിയിരുന്ന എസ്.എഫ്.ഐ. പ്രവർത്തകരിൽ നിന്നുമുള്ള ഒരു സംഘം എസ്.എഫ്.ഐ പ്രവർത്തകർ ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ ശ്രീ.ടി.പി. ശ്രീനിവാസൻ, ടി മീറ്റിംഗിന്റെ സംഘാടകനാണെന്ന വിരോധത്താൻ അദ്ദേഹത്തെ തടഞ്ഞു നിറുത്തി ദേഹോപദ്രവം ഏൽപ്പിക്കുകയും പ്രവർത്തകരിൽ ഉണ്ടായിരുന്ന ശരത് എന്നയാൾ ശ്രീ.ടി.പി. ശ്രീനിവാസനെ വലതു ചെകിട്ടിൽ അടിക്കുകയും അടിയുടെ ആഘാതത്തിൽ ശ്രീ.ടി.പി. ശ്രീനിവാസൻ തറയിൽ വീഴുകയും ചെയ്തു. ടി സംഭവത്തിന് ശ്രീ.ടി.പി. ശ്രീനിവാസന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ കോവളം പോലീസ് സ്റ്റേഷൻ ക്രൈം 138/2016 u/s 143, 147, 149, 341, 332 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയുമാണ്. ടിയാനെ മർദ്ദിച്ചതിലേക്ക് ടി കേസിലെ മുഖ്യപ്രതിയായ ശരത് ഉൾപ്പെടെ 12 പ്രതികളെ അറസ്റ്റ് ചെയ്ത് റിമാന്റപേക്ഷ സഹിതം നെയ്യാറ്റിൻകര Temporary Judicial Magistrate Court മുമ്പാകെ ഹാജരാക്കിയിട്ടുള്ളതും. ബഹു.കോടതി ടി പ്രതികളെ റിമാന്റ് അനുവദിച്ച് ജുഡീഷ്യൽ കസ്റ്റഡിയിൽ പാർപ്പിച്ചിട്ടുള്ളതുമാണ്. ടി കേസിലെ മറ്റ് കണ്ടാലറിയാവുന്ന പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനു പുറമേ ടി സംഭവ സമയത്ത് സ്ഥലത്തുണ്ടായിരുന്ന കോവളം എസ്.എച്ച്.ഒ രാകേഷ്, വിഴിഞ്ഞം എസ്.എച്ച്.ഒ. ശ്രീകുമാരൻ നായർ, കോവളം പി.എസിലെ സി.പി.ഒ മാരായ സതീഷ്കുമാർ (റ്റി 5000), ജോസ് (റ്റി 4926), ശ്രീകുമാർ(റ്റി. 4979) എന്നിവരെ ഒരു വർഷത്തെ പരിശീലനത്തിന് തൃശ്ശൂർ പോലീസ് അക്കാഡമിയിൽ അയയ്ക്കുകയും വകുപ്പുതല വാചകീയ അന്വേഷണത്തിന് ഉത്തരവായിട്ടുള്ളതുമാണ്. |
| (ഡി) പ്രസ്തുത സംഭവുമായി ബന്ധപ്പെട്ടവരുടെ രാഷ്ട്രീയ ബന്ധവും ക്രിമിനൽ റെക്കോർഡും എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ? | ടി കേസിലെ പ്രതികൾ എസ്.എഫ്.ഐ, ഡി.വൈ.എഫ്.ഐ, സി.പി.ഐ(എം) പ്രവർത്തകരാണ്. ടി കേസിലെ ഒന്നാം പ്രതിയായ ശരത് ഈ കേസിനു പുറമേ മലയിൻകീഴ് പോലീസ് സ്റ്റേഷൻ ക്രൈം 923/12, 979/15 കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ക്രൈം 750/2014, 985/2014, 1225/15, 1626/15, മ്യൂസിയം പോലീസ് സ്റ്റേഷൻ ക്രൈം 990/2014 എന്നീ കേസുകളിലെയും പ്രതിയാണ്. |

സെക്ഷൻ ഓഫീസർ